പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5982 — 07.07.2014 ലെ മറുപടിയ്ക്ക്

**കർഷക കടാശ്വാസ കമ്മീഷൻ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എം. ആരിഫ് | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കർഷക കടാശ്വാസ കമ്മീഷൻ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപ അനുവദിച്ച എന്നും പ്രസ്തുത തുക കർഷകർക്ക് ലഭ്യമാക്കിയോ എന്നും വിശദമാക്കാമോ; | (എ) 2013-14 സാമ്പത്തിക വർഷം കടാശ്വാസ കമ്മീഷൻ 26,17,76,825/- രൂപയുടെ കടാശ്വാസം ശിപാർശ ചെയ്തിട്ടുണ്ട്. കമ്മീഷൻ ശിപാർശ ചെയ്യുന്ന കടാശ്വാസം ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യത അനുസരിച്ചാണ് സർക്കാർ അനുവദിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം 15 കോടി രൂപ ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് / ബാങ്കുകൾക്ക് കടാശ്വാസമായി വിതരണം ചെയ്യുന്നതിന് അനുവദിച്ചിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിന് മുമ്പ് ചെയ്യാൻ നിർദ്ദേശിച്ചിട്ടുള്ള പരിശോധനകൾ നടത്തി അർഹമായ തുക സംഘങ്ങൾക്ക് അനുവദിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. |
| (ബി) കർഷക കടാശ്വാസ കമ്മീഷന് നടപ്പുവർഷം ബജറ്റിൽ എത്ര തുക അനുവദിച്ചുവെന്നും അതിൽ എത്ര ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; | (ബി) 2014-15 സാമ്പത്തിക വർഷത്തിൽ കടാശ്വാസ വിതരണത്തിനായി 20 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കർഷകരുടെ വ്യക്തിഗത അപേക്ഷകളിൽ ശിപാർശ ചെയ്യുതനുസരിച്ച് കടാശ്വാസം അനുവദിക്കുന്നതിനായി കമ്മീഷനിൽ നിന്ന് സർക്കാരിലേക്ക് ലഭിച്ചിട്ടുള്ള പ്രൊപ്പോസലുകൾ പ്രകാരം ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് / ബാങ്കുകൾക്ക് വിതരണം ചെയ്യുന്നതിന് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) കർഷക കടാശ്വാസ കമ്മീഷന് ഏത് ജില്ലയിൽ നിന്നാണ് ഏറ്റവും കൂടുതൽ അപേക്ഷകരുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) കർഷക കടാശ്വാസ കമ്മീഷന് വയനാട് ജില്ലയിൽ നിന്നാണ് ഏറ്റവും കൂടുതൽ അപേക്ഷകരുള്ളത്. |

സെക്ഷൻ ഓഫീസർ